**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 504** **04.02.2020 ൽ മറുപടിക്ക്.**

## ജി. എസ്. റ്റി

| **ചോദ്യം**<br>**ശ്രീ.എം. സ്വരാജ്** | | **മറുപടി**<br>**ഡോ.ടി.എം.തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ജി.എസ്.റ്റി. നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിന് ഉണ്ടായ വരുമാന നഷ്ടത്തിന്റെ വ്യാപ്തി വ്യക്തമാക്കാമോ; | (എ), (ബി), (സി) | ജി.എസ്.റ്റി ഉൾപ്പെടെ വിവിധ നികുതി ഇനങ്ങളിലായി കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു. |
| (ബി) | ഈ നഷ്ടം പരിഹരിക്കുന്നതിനായി എത്ര തുകയാണ് കേന്ദ്രം അനുവദിക്കേണ്ടിയിരുന്നത് എന്ന് അറിയിക്കാമോ; | | |
| (സി) | ഇതിൽ എത്ര തുക കേന്ദ്രം അനുവദിച്ചു എന്ന് അറിയിക്കാമോ? | | |

| വർഷം | ലഭിച്ച വരുമാനം (കോടിയിൽ) |
|---|---|
| 2014-15 | 27870.89 |
| 2015-16 | 31152.07 |
| 2016-17 | 34038.36 |
| 2017-18 (ജി.എസ്.ടി കളക്ഷൻ ഉൾപ്പെടെ) | 38403.69 |
| 2018-19 (ജി.എസ്.ടി കളക്ഷൻ ഉൾപ്പെടെ) | 43707.51 |

ജി.എസ്.റ്റി നടപ്പിലാക്കിയതോടുകൂടി വരുമാനത്തിൽ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വേണ്ടി ജി.എസ്.റ്റി കോമ്പൻസേഷൻ ആക്ട് അനുസരിച്ച് താഴെ പറയുന്ന മാനദണ്ഡം ഉപയോഗിച്ച് കുറവ് വരുന്ന തുക ജി.എസ്.റ്റി കോമ്പൻസേഷൻ ആയി നൽകുന്നതാണ് എന്ന് കേന്ദ്രസർക്കാർ അറിയിച്ചിരുന്നു.

ജി.എസ്.റ്റി നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. അത് പ്രകാരം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ 5 വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകും. നഷ്ടപരിഹാരം ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. 2015-16 ലെ കളക്ഷന്റെ 14 ശതമാനം വർദ്ധനവ് ഓരോ വർഷവും കണക്കാക്കിയാണ് സംരക്ഷിത റവന്യൂ നിശ്ചയിച്ചിരിക്കുന്നത്. 2017-18 മുതൽ 2019-20 വരെയുള്ള സംരക്ഷിത റവന്യൂ ചുവടെ ചേർക്കുന്നു.

| വർഷം | സംരക്ഷിത റവന്യൂ (തുക കോടിയിൽ) |
|---|---|
| 2017-18 (ജൂലൈ 2017 മുതൽ മാർച്ച് 2018 വരെ) | 16398 |
| 2018-19 | 24924 |
| 2019-20 | 28416 |

സംരക്ഷിത റവന്യൂവിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും, എസ്.ജി.എസ്.ടി അടയ്ക്കുവാനുപയോഗിച്ച ഐ.ജി.എസ്.ടി ക്രഡിറ്റ് ഉൾപ്പെടെയുള്ള ഐ.ജി.എസ്.ടി സെറ്റിൽമെന്റ് തുകയും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള തുക ദ്വൈമാസ കോമ്പൻസേഷൻ ആയി ലഭിക്കുന്നു. 2019 സെപ്റ്റംബർ വരെയുള്ള കോമ്പൻസേഷൻ ലഭിച്ചു. 2019 ഒക്ടോബർ-നവംബർ മാസങ്ങളിലേയ്ക്ക് അർഹതപ്പെട്ട കോംപൻസേഷനായ 1510.76 കോടി രൂപ ഇതുവരെ ലഭിച്ചിട്ടില്ല.2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി കോമ്പൻസേഷൻ 2020 ഫെബ്രുവരി മാസത്തിലാണ് കാലാവധി എത്തുന്നത്.

2017-18 മുതൽ 2019-20 വരെ GST ഇനത്തിൽ ലഭിച്ച കോമ്പൻസേഷൻ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച കോമ്പൻസേഷൻ (തുക കോടിയിൽ) |
|---|---|
| 2017-18 | 1772 |
| 2018-19 | 2884 |
| 2019-20 (30.09.2019 വരെ) | 3743 |

**സെക്ഷൻ ഓഫീസർ**